# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 07 | 2023 |
|---|---|---|

ശബരിമല പത്രക്കുറിപ്പ് - 1



ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com


---

## മകരവിളക്ക് ഉൽസവം: മുൻകരുതൽ ശക്തമാക്കി വനം വകുപ്പ്

മകരവിളക്കിന് മുന്നോടിയായി പട്രോളിംഗും കാട്ടുതീ നിയന്ത്രണ സംവിധാനങ്ങളും ത്വരിതപ്പെടുത്തി വനം വകുപ്പ്. കാട്ടുതീ തടയുന്നതിന് മാത്രമായി പമ്പയിൽ പ്രത്യേക കൺട്രോൾ റൂം തുടങ്ങി. മകരവിളക്ക് കാണാൻ അയ്യപ്പഭക്തർ തടിച്ച് കൂടുന്ന പുല്ല് മേട് ഭാഗങ്ങളിൽ നിയന്ത്രിത തീ കത്തിക്കൽ ആരംഭിച്ചു.തീ പടരുന്നത് തടയുന്നതിനായി ഫയർ ലൈൻ ഒരുക്കുന്നതിന്റെ ഭാഗമായാണിത്. മകരവിളക്ക് ദർശന പോയിന്റുകളിൽ സ്റ്റാഫുകളെ മുൻകൂട്ടി നിശ്ചയിച്ച് കഴിഞ്ഞു. അയ്യപ്പഭക്തർ കാൽനടയായി വരുന്ന എരുമേലി- കരിമല പാതയിലും സത്രം - പുല്ലുമേട് പാതയിലും അധിക ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ചു. പകലും രാത്രിയുമുള്ള പട്രോളിംഗ് ശക്തമാക്കി. 24 മണിക്കൂറും പ്രവർത്തിക്കുന്ന ര ് കൺട്രോൾ റൂമുകളാണ് വനം വകുപ്പിന്റേതായി പമ്പയിലും സന്നിധാനത്തുമുള്ളത്.എലിഫന്റ് സ്ക്വാഡും സുസജ്ജമാണ്. ഉത്സവ

തുടക്കത്തിൽ അപകടകരമായ മരങ്ങളും മരക്കൊമ്പുകളും മുറിച്ച് മാറ്റിയും. ആക്രമണകാരികളായ പന്നികളെ പിടികൂടി സ്ഥലം മാറ്റിയും വനംവകുപ്പിന്റെ പ്രവർത്തനം സജീവമായിരുന്നു.84 കാട്ടുപന്നികളെയാണ് ഇത്തരത്തിൽ ഇടം മാറ്റിയത്. ഇത് വരെ 120 പാമ്പുകളേയും പിടികൂടി.നാല് രാജവെമ്പാല, പത്ത് മൂർഖൻ, പത്ത് അണലി തുടങ്ങി ഉഗ്രവിഷമുള്ള പാമ്പുകളെയാണ് പിടികൂടി ഇടം മാറ്റിയത്. കാൽനടക്കാരായ അയ്യപ്പഭക്തരെ സഹായിക്കുന്നതിനുള്ള റാപിഡ് റെസ്പോൺസിബിൾ ടീമും സുസജ്ജമാണ്.
നൂറിലേറെ വനപാലകർ, ഇക്കോ ഗാർഡുകൾ, വെറ്ററിനറി ഡോക്ടർ തുടങ്ങിയവരാണ് ശബരിമലയിൽ സേവന രംഗത്തുള്ളത്.

(പി.ആർ. ശബരി- 242)

## പമ്പ ശുചീകരണം ഞായറാഴ്ച

മകരവിളക്കിന് മുന്നോടിയായി നടത്തുന്ന പമ്പ ശുചീകരണം ജനുവരി 8 ഞായർ രാവിലെ 8 മണിക്ക് പമ്പ മണൽപ്പുറത്ത് നടക്കും. വിവിധ വകുപ്പുകളുടെ നേതൃത്വത്തിലാണ് പമ്പാനദിയും പരിസരവും ശുചീകരിക്കുക. എ.ഡി.എം. വിഷ്ണു രാജ് നേതൃത്വം നൽകും.

(പി.ആർ. ശബരി- 243)

## ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ
## 08.01.2023)

.........
പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ
3 ന്.... നട തുറക്കൽ.. നിർമ്മാല്യം
3.05 ന് .... പതിവ് അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 12 മണി വരെയും നെയ്യഭിഷേകം
6 മണിക്ക് അഷ്ടാഭിഷേകം ആരംഭിക്കും.
7.30 ന് ഉഷപൂജ
12.30 ന് 25 കലശപൂജ

തുടർന്ന്  കളഭാഭിഷേകം12.45 ന് ഉച്ചപൂജ
1.30 മണിക്ക്  ക്ഷേത്രനട അടയ്ക്കും.
വൈകുന്നേരം 3  മണിക്ക് ക്ഷേത്രനട തുറക്കും
6.30ന് ദീപാരാധന
9.30 മണിക്ക് .....അത്താഴപൂജ
11.20 ന് ഹരിവരാസനം സങ്കീർത്തനം പാടി 11.30 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

